**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1166** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ റോഡ് സംരക്ഷണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രവീൺ കുമാർ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കടലാക്രമണം, ഉയർന്ന തിരമാല, മഴക്കാല വെള്ളക്കെട്ട് തുടങ്ങിയ പ്രകൃതിദത്ത സാഹചര്യങ്ങൾ മൂലം കൊയിലാണ്ടി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ തടയുന്നതിനായി ദീർഘകാല റോഡ് സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

**<u>മറുപടി:</u>** അത്തരത്തിൽ ഒരു ദീർഘകാല റോഡ് സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ, കൊയിലാണ്ടി മണ്ഡലത്തിലെ റോഡുകളിലെ വെള്ളക്കെട്ട് തടയുന്നതിനായി കാര്യക്ഷമമായ ഡ്രെയിനേജ് സംവിധാനം ഒരുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. മഴയുടെ മുന്നൊരുക്കമായി ഡ്രെയിനേജുകളെല്ലാം റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ക്ലിയർ ചെയ്യാറുണ്ട്.

മാത്രമല്ല, കെ. ആർ. എഫ്. ബി. പി. എം. യു. മുഖേന നടപ്പിലാക്കുന്ന തീരദേശ പാത പ്രവൃത്തികളായ കോടിക്കൽ മുതൽ കൊളാവിപ്പാലം വരെയും, കൊളാവിപ്പാലം മുതൽ കോട്ടക്കൽകടവ് വരെയുള്ള പ്രവൃത്തിയിൽ ഉയർന്ന തിരമാല, മഴക്കാല വെള്ളക്കെട്ട് തുടങ്ങിയ പ്രകൃതിദത്ത സാഹചര്യങ്ങൾ നേരിടാനായി gabion retaining wall, embankment slope സംരക്ഷണത്തിനായി geotextile filter layer, RR & DR Masonry എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**